വിഭാഗം : യു.പി.

വിഷയം : ഗണിതം.

മേഖല : സങ്കലനം, വ്യവകലനം, ഹരണം, ഗുണനം.


അടിസ്ഥാന വിശകലനം: ഗണിതത്തിൽ ചതുഷ്ക്രിയകളിൽ പ്രയാസം അനുഭവിക്കുന്ന കുട്ടികൾ ഉണ്ട്.

പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ: 4 അക്കങ്ങൾക്ക് മുകളിൽ സങ്കലനം വ്യവകലനം ശേഷി നേടുന്നു.

2 അക്കങ്ങൾക്ക് മുകളിൽ ഗുണനം, ഹരണം ശേഷി നേടുന്നു.

Scanned with OKEN Scanner

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിർവ്വഹണം. |
| --- | --- | --- |
| ഫീഡ്ബാക്ക് സെഷനിൽ. | ഗണിതത്തിൽ കുട്ടികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ചർച്ച ചെയ്യുന്നു. എസ്.ആർ.ജി.ക്ക് റിപ്പോർട്ട് ചെയ്യാൻ തീരുമാനിക്കുന്നു. | |
| എസ്.ആർ.ജി. യോഗം. | എസ്.ആർ.ജി.ക്ക് . ചർച്ച ചെയ്യുന്നു. | |
| മേഖല – സങ്കലനം. | പ്രവർത്തനം-1<br>കുട്ടികളെ വിവിധ ഗ്രൂപ്പുകളായി തിരിക്കുന്നു. 25 . കള്ളികൾ ഉള്ള പസിൽ ചാർട്ട് നൽകുന്നു. 1 മുതൽ 25 വരെ അക്കങ്ങൾ നൽകുന്നു. കുട്ടികൾ ചതുരത്തിലേക്ക് [illegible] . [illegible] കള്ളിയിലെ അക്കം [illegible] . അവസാനം [illegible] . [illegible] കുട്ടിയെ [illegible] | അദ്ധ്യാപകർ. ഗണിത ക്ലബ്ബിലെ കുട്ടികളുടെ സഹായം. |
| | കുട്ടികളുടെ നിലവാരത്തിന് അനുസരിച്ച് കള്ളികളുടെ എണ്ണത്തിലും ഇടുന്ന സംഖ്യകളിലും മാറ്റം വരുത്താം. | |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | പ്രതികരണം. |
| --- | --- | --- |
| മേഖല - വ്യവകലനം. | **പ്രവർത്തനം. 2.**<br>**പാമ്പും കോണിയും കളി.**<br>കുട്ടികളെ ഗ്രൂപ്പായി തിരിക്കുന്നു.<br>കോണിയിലെ സംഖ്യകൾ കൂട്ടി/കുറച്ചുനോക്കുന്നു.<br>പാമ്പിന്റെ വക സംഖ്യകൾ കുറയ്ക്കുന്നു.<br>പ്രവർത്തനം ആവർത്തിക്കുന്നു.<br>ആദ്യം സംഖ്യകൾ ശരിയാക്കുന്നവർ ഗ്രൂപ്പിൽ ഉറക്കെ പറയുന്നു.<br>- പ്രവർത്തനം ആവർത്തിക്കുന്നു. | |
| മേഖല - ഗുണനം. | **കോട്ടകെട്ടൽ മുകളിലേക്ക്.**<br> | |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ | നിരീക്ഷണം. |
| --- | --- | --- |
| | സംഖ്യകളിൽ 20, 30 വരെയുള്ള പ്രവർത്തനം ആവർത്തിക്കുന്നു. ഗുണനത്തിന്റെ ഉദാഹരണങ്ങളും ചർച്ച ചെയ്യുന്നു. ആവർത്തന സങ്കലനമായി ഗുണനം എന്ന ആശയം ഉറപ്പിക്കുന്നതിന്, വിവിധതരം പ്രവർത്തനങ്ങൾ നൽകുന്നു. | |
| ഭാഗം: ഹരണം. | കുട്ടികൾക്ക് മഞ്ചാടിക്കുരു നൽകുന്നു. <br> കൂട്ടുകാർക്ക് നൽകാം. <br> കുട്ടികൾക്ക് മഞ്ചാടിക്കുരു നൽകുന്നു. നിർദ്ദേശമനുസരിച്ച് നിരന്നിരുത്തി വീതിക്കുന്നു. <br> തുല്യമായ വീതിക്കലാണ് ഹരണം. <br> 100 ÷ 10 = 10 <br> 20 ÷ 4 = 5 <br> ഹരണ ചിഹ്നം പരിചയപ്പെടുത്തുന്നു. <br> ഇതുപോലെ പ്രവർത്തനങ്ങൾ നൽകുന്നു. | |

| പ്രവർത്തനം | പ്രവർത്തന ഘട്ടങ്ങൾ. | നിർദ്ദേശങ്ങൾ. |
|---|---|---|
| | ബാക്കി വരുന്ന രീതിയിൽ ഹരിക്കുന്ന രീതി.<br>കുട്ടികൾ ചെയ്യുന്നു.<br>28 ÷ 5 = 5, ശിഷ്ടം 3. | |
| ഹരണം | ഹരണം എന്ന ആശയം ഉറപ്പിക്കൽ അംശം.<br>ഹരണ രീതി പരിചയപ്പെടുന്നു.<br>ഒരു സംഖ്യയെ മറ്റൊരു സംഖ്യകൊണ്ട് ഹരിക്കുന്ന സന്ദർഭത്തിൽ കുട്ടികൾ പരിചിതമായ സംഖ്യകൾ തന്നെ ആശ്രയിക്കുന്നു.<br>ഉദാ: 125 നെ 5 കൊണ്ട് ഹരിക്കുന്ന സന്ദർഭത്തിൽ ആദ്യമായി 2 കൊണ്ട് ഹരിച്ച് വീണ്ടും 1 കൊണ്ട് ഹരിക്കുന്നതാണ്. | |

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, യുവകർഷകന്റെ ഫാമിലേക്ക് ഒരു യാത്ര , കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്ലോ-എക്സ്പ്ലോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |



Scanned with OKEN Scanner

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ ആശയങ്ങൾ പരിശോധിക്കൽ നേടിയെടുക്കൽ | **ഓർമ്മ ചെപ്പ്**<br>അന്തർദേശീയ തലം മുതൽ ജില്ലാ തലം നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകളുപയോഗിച്ച ഓർമ്മ പരിശോധന. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്രം അധ്യാപകർ | |
| പഠിതാക്കളെ ചരിത്ര അവബോധമുള്ളവരാക്കുക | **Virtual Field Trip**<br>ഐ സി ടി സാധ്യതകളുപയോഗിച്ച ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച വിദ്യാർത്ഥികളെ ചരിത്ര അവബോധമുള്ളവരാക്കി മാറ്റുക. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്രം അധ്യാപകർ | |
| പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ | **നേർകാഴ്ച**<br>ഭൂകമ്പം സുനാമി കൊടുങ്കാറ്റ് വെള്ളപ്പൊക്കം ഉരുൾപൊട്ടൽ എന്നിവയുടെ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തനങ്ങളുടെ തീവ്രവതയെകുറിച്ച മനസിലാക്കുകയും അഗ്നിശമന ഉദ്യോഗസ്ഥരുടെ ക്ലാസ്സുകളിലൂടെ രക്ഷാപ്രവത്തനങ്ങളിൽ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രം അധ്യാപകർ ,PTA | PTA.SMC |

| | | | | |
|---|---|---|---|---|
| പഠിതാക്കളെ ബോധവാന്മാരാക്കുക | ഏർപ്പെടുന്നതിനു ബോധവാന്മാരാക്കുകയും ചെയ്യുക | | | |
| വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും റോഡ് നിയമങ്ങളെ കുറിച്ചും,ലഹരിയുടെ ദൂഷ്യ വശങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു | **വലയിൽ നിന്ന് പുറത്തേക്ക്**<br>സാമൂഹ്യ ശാസ്ത്ര ക്ലബ്ബിന്റെ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസ് ഉദ്യോഗസ്ഥരുടെയും സഹായത്തോടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രം അധ്യാപകർ ,PTA | PTA.SMC |
| സുസ്ഥിര വികസന കാഴ്ചപ്പാട് | **ഫീൽഡ് ട്രിപ്പ് -കാടെവിടെ മക്കളെ**<br>മനുഷ്യന്റെ ഇടപെടൽ മൂലം പാരിസ്ഥിക ചർച്ചയക്ക് കാരണമായ കാവുകൾ കണ്ടൽ കാട്ടുകൾ തണ്ണീർ തടങ്ങൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ടുകൾ തെയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്രം അധ്യാപകർ ,PTA | PTA.SMC |

Scanned with OKEN Scanner

| Problems | Remedial Measures | Period | Amount | Agency |
| --- | --- | --- | --- | --- |
| Defective Pronunciation | • Audio - video clippings on correct pronunciation<br>• ICT Facilities<br>• Classes on Phonetics | 2025 | 3000 | English Teachers |
| Lack of communication skill | • Dramatisation of stories and enacting them<br>• Conducting debates and Seminars<br>• Formation of English club.<br>• Developing translation skills | 2025 - 2026 | 3000 | English Teachers, BRC |
| Addressing slow pace learners | • TM and TLM addressing the slow pace learners.<br>• Special classes for slow pace learners. | 2025 - 26 | 1000 | English Teachers |

Scanned with OKEN Scanner

| Problems | Remedial Measures | Period | Amount | Agency |
| --- | --- | --- | --- | --- |
| Support to gifted children. | • Introducing English Library<br>• English book exhibition<br>• Magazine created by children | 2025 | 3000 | English Teachers and children |
| Insufficient vocabulary | • Word games<br>• Spelling contests<br>• picture dictionary making by using the words of the textbook. | 2025 | 1000 | English Teachers and children |
| Illegible handwriting | • Peer group learning<br>• English diary writing<br>• Writing with ICT facilities | 2025 - 26 | 1000 | Teachers and children. |

Scanned with OKEN Scanner

മേഖല: UP ഹിന്ദി

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| 1 | UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കൽ | ക്ലാസിൽ അക്ഷരമാല പ്രദർശനം<br>വായന കാർഡ്<br>വാക്കുകളും അതിന്റെ അർത്ഥവും ചിത്രസഹിതം ക്ലാസിൽ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ ഓഗസ്റ്റ് | SRG | PTA |
| 2 | ഹിന്ദി എഴുത്ത് | ആശംസകാർഡ് തയ്യാറാക്കൽ<br>വസ്തുക്കളുടെ പേരുകൾ, അക്കങ്ങൾ എന്നിവ തയ്യാറാക്കൽ.<br>പരിസരവുമായി ബന്ധപ്പെട്ട ജീവികളുടെ ചിത്രവും പേരും തയ്യാറാക്കാനുള്ള അവസരം നൽകുന്നു.<br>A4 തയ്യാറാക്കുന്ന ചിത്ര രചനകൾ കൂട്ടിച്ചേർത്ത് ഹിന്ദി മാസിക തയ്യാറാക്കുന്നു. | ഓഗസ്റ്റ് മുതൽ ഫെബ്രുവരി | SRG | |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| 3 | ഹിന്ദി ആസ്വാദനം | ഹിന്ദി കവിതകൾ, കഥകൾ എന്നിവ വായിക്കാനുള്ള അവസരം ഉണ്ടാക്കുന്നു. സ്കൂളിലെ കവിതകൾ കുട്ടികൾ കേൾപ്പിക്കുന്നു. | ആഗസ്റ്റ് മുതൽ മാർച്ച് | SRG PTA | |
| 4 | ഹിന്ദി ക്ലബ് | പ്രധാന ദിനാചരണങ്ങളിൽ ഹിന്ദിയിൽ പോസ്റ്റർ തയ്യാറാക്കി പ്രദർശിപ്പിക്കും. | ജൂൺ മുതൽ മാർച്ച് | SRG PTA | |
| 5 | ഹിന്ദി ഫെസ്റ്റ് | പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ പ്രവർത്തനങ്ങൾ ചേർത്ത് ഒരു പ്രദർശനം നടത്തും. | ഫെബ്രുവരി | SRG | |
| | | | | | |

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി. |
| --- | --- | --- | --- | --- |
| ഭാഷാപരമായ ശേഷി സാഹിത്യം. | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാനശേഷി പരിശോധന പൂർത്തിയാക്കുന്നു. | 2025 | - | പി.ടി.എ<br>എസ്.ആർ.ജി. |
| ഭാഷാപരമായ പിന്നോക്കാവസ്ഥ. | 5, 6, 7 ക്ലാസുകളിലെ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | 2025 | – | എച്ച്.എം<br>എസ്.ആർ.ജി. |
| വ്യത്യസ്ത സാഹിത്യ തലങ്ങളെ പരിചയപ്പെടുത്തൽ. | വീഡിയോ, ഡോക്യുമെന്ററി പ്രദർശനം വിവിധ തരം പതിപ്പുകളുടെ നിർമ്മാണം. | 2025-2026 | | എസ്.ആർ.ജി<br>പി.ടി.എ. |
| ഭാഷാപഠനം ലളിതവും ആകർഷകവുമാക്കൽ. | കുട്ടികളുടെ ഭാഷാശേഷി വികസനത്തിനായി ക്ലാസ് ലൈബ്രറി.<br>ലൈബ്രറി പുസ്തകങ്ങൾ ചേർത്തുകൊണ്ട് പുസ്തക പരിചയം. | 2025-26 | | എസ്.ആർ.ജി. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| മലയാള ഭാഷയുമായി ബന്ധപ്പെട്ട് സ്കൂൾ അന്തരീക്ഷം ആകർഷകമാക്കൽ. | സാഹിത്യകാരന്മാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ, കഥാപാത്രങ്ങൾ, എന്നിവ ലൈബ്രറിയിൽ പ്രദർശിപ്പിക്കൽ | 2025 - 26. | - | പി. ടി. എ<br>എസ്. ആർ. ജി<br>എച്ച്. എം. |
| ഭാഷയുമായി ബന്ധപ്പെട്ട് ഉയർന്ന ശേഷി കൈവരിക്കുക. | കുട്ടികളുടെ രചനകൾ ശേഖരിച്ച് സാഹിത്യ മാസിക തയ്യാറാക്കൽ. പുസ്തകാസ്വാദനം അസംബ്ലിയിൽ അവതരിപ്പിക്കൽ. | 2025-26 | - | [illegible] |
| | | | | |

വിദ്യാലയത്തിന്റെ പേര് : ഒ.സി.എം ജി.യു.പി.എസ് ചെറുകുന്ന്.

വിഭാഗം : യു.പി

വിഷയം : സംസ്കൃതം.

മേഖല : വായന, എഴുത്ത്.

അവസ്ഥാ വിശകലനം : 25% കുട്ടികൾക്ക് തെറ്റുകൂടാതെ വായിക്കാൻ കഴിയുന്നില്ല.

പ്രതീക്ഷിത നേട്ടങ്ങൾ : യു.പി തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും വാക്കുകളും ഉറപ്പിക്കൽ.

| | | | | | |
|---|---|---|---|---|---|
| 1, | <u>വായന</u><br>യു.പി തലത്തിലെ കുട്ടികൾ എളുപ്പം സംസ്കൃതം വായിക്കാൻ സഹായിക്കുന്നു. | → സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ തുടങ്ങിയവ ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>→ പാഠഭാഗത്തിൽ ആവർത്തിക്കുന്ന പദങ്ങൾ എഴുതി പ്രദർശിപ്പിക്കുക.<br>→ സംസ്കൃതം അക്കങ്ങൾ പ്രദർശിപ്പിക്കുന്നു. | ജൂൺ മുതൽ നവംബർ വരെ. | PTA<br>SRC | |
| 2 | <u>എഴുത്ത്.</u> | → അക്ഷരമരം ചാർട്ട് പേപ്പറിൽ തയ്യാറാക്കൽ.<br>→ പദകേളി സംഘടിപ്പിക്കൽ<br>→ അക്കങ്ങൾ, ദിവസങ്ങൾ, നിറങ്ങൾ എന്നിവ എഴുതി പ്രദർശിപ്പിക്കൽ.<br>→ ക്രിയാപദങ്ങൾ ചിത്രത്തിന്റെ സഹായത്തോടെ എഴുതൽ. | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ. | PTA<br>SRC | |

| | | | | | |
|---|---|---|---|---|---|
| 3. | ഭാഷാപരമായ പിന്നാക്കാവസ്ഥ ഇല്ലാതാക്കൽ. | → അക്ഷരകാർഡുകൾ നൽകൽ.<br>→ പദകാർഡുകൾ നൽകി വായനയും എഴുത്തും പ്രോത്സാഹിപ്പിക്കൽ.<br>→ ചിത്രങ്ങൾ നൽകി സംസ്കൃതത്തിൽ പേരുകൾ പറയൽ | ജൂൺ മുതൽ സെപ്റ്റംബർ | PTA SRC | |
| 4. | സംസ്കൃതം ക്ലബ്. | ദിനാചരണങ്ങൾ.<br>→ സംസ്കൃത ദിനാചരണം<br>→ പരിസ്ഥിതി ദിനം.<br>→ വായനാദിനം എന്നിങ്ങനെ മുഖ്യ ദിനാചരണങ്ങളിൽ സംസ്കൃതത്തിൽ പോസ്റ്റർ തയ്യാറാക്കൽ.<br>→ സംസ്കൃത ദിനാചരണം കുട്ടികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ നടത്തൽ.<br>→ രാമായണ മാസാചരണം രാമായണ പാരായണം, പ്രശ്നോത്തരി എന്നിങ്ങനെ പരിപാടികൾ സംഘടിപ്പിക്കൽ. | ആഗസ്റ്റ്<br>ജൂൺ മുതൽ മാർച്ച്.<br>ആഗസ്റ്റ് | PTA SRC | |

| | | | | | |
|---|---|---|---|---|---|
| 5 | സംസ്കൃത ... ദിനം. | → ...<br>കുട്ടിക്കവിതകൾ, സുഭാഷിതങ്ങൾ എന്നിവ വായിക്കാനുള്ള അവസരം നൽകൽ.<br>→ സംസ്കൃത കഥകളുടെ വീഡിയോ പ്രദർശനം.<br>→ സംസ്കൃതം വാർത്താവായന നടത്തൽ. | നവംബർ മുതൽ മാർച്ച്. | PTA SRC | |
| 6. | സംസ്കൃതം വാരാചരണം. | → പാഠഭാഗവുമായി വന്ന ചെടികൾ, പഴങ്ങൾ, പച്ചക്കറികൾ, മൃഗങ്ങൾ, പക്ഷികൾ, വസ്തുക്കൾ എന്നിവ പേരുകൾ ശേഖരിക്കൽ.<br>→ സംസ്കൃതഗാനങ്ങളുടെ നിർമ്മാണം. | ഫെബ്രുവരി | PTA SRC | 1000. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബി (اللغة العربية)

**ആമുഖം**

അന്തർദേശീയ രംഗത്ത് ഇംഗ്ലീഷിനൊപ്പം നിൽക്കുന്നതും ലോകഭാഷകളിൽ മൂന്നാംസ്ഥാനം അലങ്കരിക്കുന്നതുമായ ഭാഷയാണ് അറബി.നമ്മുടെ മാതൃ രാജ്യത്തിന് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുള്ള വൈദേശിക ഭാഷകളിൽ ശ്രദ്ധേയമായ ഭാഷ. അറബിഭാഷയിലെ ചില പ്രയോഗങ്ങളും വാക്കുകളും നമ്മുടെ നിത്യജീവിതത്തിൽ ഇടം നേടിയിട്ടുള്ളതിൽ നിന്ന് തന്നെ ഇക്കാര്യം വ്യക്തം.

പ്രാചീന സെമിറ്റിക് ഭാഷാകുടുംബത്തിൽ ഇന്നും സജീവമായി നിലനിൽക്കുന്ന ഏക ഭാഷ അറബിയാണ്. സമ്പന്നമായ കലാസാഹിത്യ പാരമ്പര്യങ്ങളാലും ഈ ഭാഷ അനുഗ്രഹീതമാണ്.മുസ്ത്വഫാ ലുത്ഫീ മൻഫലൂത്വി (1876-1924)യുടെ കഥകളും, അഹ്മദ് ശൗഖി (1869-1932) യുടെ കവിതകളും മുഹമ്മദ് ഹുസൈൻ ഹൈക്കലി (1888-1956)ന്റെ നോവലുകളും തൗഫീഖുൽ ഹക്കീമി(1898-1987) ന്റെ നാടകങ്ങളും അറബി ഭാഷയെ വിശ്വസാഹിത്യത്തിന്റെ ചക്രവാളത്തിലേക്കുയർത്തിയ രചനകളിൽ ചിലതുമാത്രം. നോബൽ പുരസ്കാരജേതാവാണ് അറബി സാഹിത്യകാരനായ ഡോ.നജീബ് മഹ്ഫൂസ്. കുമാരനാശാന്റെ 'വീണപൂവ്' ശ്രീനാരായണഗുരുവിന്റെ 'ദൈവദശകം' തകഴിയുടെ 'ചെമ്മീൻ'ബെന്യാമീന്റെ 'ആടുജീവിതം' തുടങ്ങിയവ അറബിഭാഷയിലും നമുക്കിന്ന് ലഭ്യമാണ്.

നമ്മുടെ വിദ്യാലയങ്ങളിൽ, മറ്റു വിഷയങ്ങൾക്കൊപ്പം ഇഴചേർന്നു അറബി ഭാഷാ അധ്യയനവും മുന്നോട്ടു പോകുന്നുവെന്നത് വളരെ അഭിമാനകരവും അഭിനന്ദനീയവുമായ വസ്തുതയത്രെ. പൊതു വിദ്യാഭ്യാസ സംരക്ഷണത്തിന്റെയും വിദ്യാർഥി ശാക്തീകരണത്തിന്റെയും പ്രഥമപടിയായ അക്കാദമിക് മാസ്റ്റർ പ്ലാൻ നിർമാണത്തിൽ ഏറെ പ്രധാനപ്പെട്ട ഒരിനമാണ് ഭാഷാപഠനം. ഭാഷാ അധ്യയന മേഖലയിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ രൂപപ്പെടുത്തുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ് ഭാഷ സ്വായത്തമാക്കുവാനുള്ള വ്യത്യ സ്ത വഴികൾ ഉണ്ടാക്കുക എന്നത്. ഭാഷാ പഠനത്തിൽ നേരിടുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയും അതിന് പ്രതിവിധി ആരായുകയും ചെയ്യുക എന്നതും ഇതോടൊപ്പം ഉണ്ടാവേണ്ട താണ്. അറബി ഭാഷാ പഠനത്തിൽ പഠിതാക്കൾക്ക് കൂടുതൽ പ്രയാസം സൃഷ്ടിക്കുന്നത് അക്ഷരങ്ങളുടെ രൂപവിന്യാസത്തിൽ ഉണ്ടാവുന്ന മാറ്റങ്ങളാണ്. അക്ഷരങ്ങൾ ഒരു വാക്കിന്റെ ആദ്യത്തിലും നടുവിലും അവസാനത്തിലും വരുമ്പോൾ വ്യത്യസ്ത രൂപങ്ങളിലാണ് എഴുതപ്പെടുന്നത്. അറബി ഭാഷാ പഠനത്തിൽ ഉളവാകുന്ന ചില പ്രശ്നങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ട് കണ്ടെത്തിയ പ്രയാസങ്ങളും പ്രതിവിധികളും മുന്നിൽ വെച്ച് തയ്യാറാക്കിയതാണ് ഇവിടെ ചേർക്കുന്ന അക്കാദമിക് മാസ്റ്റർ പ്ലാൻ

**അറബിക് പഠന വിഭാഗം**

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടുക. ഭാഷയിലെ ഒരേപോലെയുള്ള അക്ഷരങ്ങൾ ഉച്ചരിക്കുമ്പോഴും എഴുതുമ്പോഴും വ്യത്യാസം മനസ്സിലാക്കി കുട്ടിക്ക് ഉപയോഗിക്കാൻ സാധിക്കുക. രൂപപ്പെടുത്തുകയും ചെയ്യുക. | <u>കൈത്താങ്ങ്</u><br><br>ടെസ്റ്റ് നടത്തി ഭാഷപഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർഥികളെ കണ്ടെത്തുന്നു അക്ഷരങ്ങൾ തിരിച്ചറിയാൻ പ്രയാസം അനുഭവിക്കുന്നവർക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയ കാർഡുകൾ നൽകുന്നു. സ്കൂളിലെ സ്മാർട്ട് റൂമുകൾ ഉപയോഗിച്ച് ഗെയിമുകൾ, ഫ്ലാഷ് കാർഡുകൾ, നിറം നൽകാൻ പോലുള്ള പ്രവർത്തനങ്ങൾ ചെയ്യിപ്പിക്കുന്നു. ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുകയും അവർക്ക് ആവശ്യമായ പരിഗണന നൽകുകയും എഴുത്തും വായനയും പരിപോഷിപ്പിക്കുകയും ചെയ്യൽ. | മൂന്ന് മാസം | പുസ്തകങ്ങൾ,<br><br>കാർഡുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാശേഷി വർദ്ധിപ്പിക്കുക, പദസമ്പത്ത് അധികരിപ്പിക്കുക | **പുതിയ പദം പരിചയപ്പെടൽ**<br>ആഴ്ചയിലൊരിക്കൽ പാഠപുസ്തകത്തിലുള്ള വാക്കുകൾക്കും പദങ്ങൾക്കും പുറമേ അഞ്ച് വാക്കുകൾ കഥാ കവിതാ പുസ്തകങ്ങളിൽ നിന്നോ പ്രൊജക്ടർ സ്ക്രീനിൽ കഥ, കവിത എന്നിവ കാണിച്ചോ ശേഖരിക്കുവാൻ സാഹചര്യമൊരുക്കുന്നു. ലഘു സംഭാഷണങ്ങൾ , പാഠ ഭാഗങ്ങൾ ചിത്രീകരണ രൂപത്തിലുള്ള അവതരണം, കൂടുതൽ പ്രവർത്തനങ്ങളിൽ പങ്കാളികളായവർക്ക് സമ്മാനം നൽകുന്നു. സാധാരണ ദൈനംദിന കാര്യങ്ങളിൽ ഉപയോഗിക്കുന്ന വാക്കുകൾ പരിശീലിപ്പിക്കുകയും കൂടുതൽ ചെയ്യുന്ന വിദ്യാർത്ഥികൾക്ക് സമ്മാനം | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, കാർഡുകൾ, സി ഡി കൾ |
| കുട്ടികളുടെ സർഗാത്മകശേഷി വർദ്ധിപ്പിക്കുക. | ചിത്രങ്ങൾ, ലഘു കവിതകൾ, കഥകൾ, സംഭാഷണം, പദപ്രശ്നം , കുറിപ്പുകൾ, വിവരണം എന്നിവ ഉൾകൊള്ളുന്ന കയ്യെഴുത്ത് മാഗസിനുകൾ ഓരോ കുട്ടിയും തയ്യാറാക്കുന്നു. | ജൂൺ മുതൽ മാർച്ചുവരെ | പുസ്തകങ്ങൾ, ചാർട്ടുകൾ |
| ഓരോ മാസവും കുട്ടികൾ വായനാതൽപരരാവുകയും ഭാഷ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക | മാസത്തിലൊരിക്കൽ ക്ലാസ് തലത്തിൽ വായനാമത്സരം, കയ്യെഴുത്ത് മത്സരം എന്നിവ നടത്തി സമ്മാനം നൽകുന്നു. പ്രൊജക്ടർ ഉപയോഗിച്ച് മാസത്തിലെ അവസാന പിരിയഡിൽ പാഠപുസ്തകവുമായി ബന്ധപ്പെട്ട വിവരങ്ങൾ, പൊതുവിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്വിസ് മത്സരം നടത്തുന്നു | ജൂൺ മുതൽ മാർച്ചുവരെ | ചാർട്ടുകൾ ,പുസ്തകങ്ങൾ |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷാ ആശയങ്ങളും പദങ്ങളുടെ അർത്ഥങ്ങളും കുട്ടികളിലേക്ക് എത്തുക | **യൂണിറ്റ് തല <u>നിഘണ്ടു നിർമാണം</u>**<br>ഒരോ യൂണിറ്റ് തലത്തിൽ വാക്കുകൾ അർത്ഥ സഹിതം എഴുതുകയും അവസാനം പ്രിന്റ് / പിഡിഎഫ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു | 6 മാസം | |
| കുട്ടികൾക്ക് കലാപരിപടികൾ അവതരിപ്പിക്കുന്നതിനും അവരുടെ ശേഷികൾ കണ്ടെത്തുന്നതിനുമായി | **<u>സ്കൂൾ റേഡിയോ</u>**<br>കഥ, പ്രസംഗം , ഗാനം , വാർത്തകൾ അവതരിപ്പിക്കുന്നു | ഒരു വർഷം | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| അറബി ഭാഷയിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ മേഖലയിൽ കൂടുതൽ കഴിവ് വളർത്തുന്നതിന് വേണ്ടി | ***അറബി ടൈപിംഗ്*** അറബി ടൈപിംഗ് പരിശീലനം നൽകുന്നു. അക്ഷരങ്ങൾ , ഹർക്കത്തുകൾ എന്നിവ ടൈപ്പ് ചെയ്യുന്നത് കുട്ടികൾക്ക് പഠിപ്പിക്കുന്നു | 6 മാസം | ലാപ്പ്, കമ്പ്യൂട്ടർ , കമ്പ്യൂട്ടർ ലാബ് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നു |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ/ സാമ്പത്തികം |
|---|---|---|---|---|
| ലോകഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും ഒഴുക്കോടെ സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. മികവിന്റെ വഴിയിൽ<br>► പ്രൈമറി ക്ലാസ് മുതൽ ഭാഷ ശേഷികളുടെ വളർച്ച ഉറപ്പു വരുത്തുക<br>► മുന്നറിവ് പരിശോധിക്കൽ<br>► അക്ഷരങ്ങൾ ഉറപ്പിക്കൽ<br>► വാചകങ്ങൾ നിർമ്മിക്കൽ<br>► ഭാഷാ കളികൾ | 2 months | പുസ്തകങ്ങൾ, വർക്ക്ഷീറ്റുകൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബിഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക. | 2.വായനാവസന്തം<br>► വായന മത്സരം<br>► ക്ലാസ് ലൈബ്രറി<br>► സ്കൂൾ ലൈബ്രറി<br>► വാട്സാപ്പ് ഗ്രൂപ്പ് (ഇ വായന)<br>► വായന കുറിപ്പുകൾ<br>► അറബിക് പത്രവായന /റേഡിയോ | 6 months | പത്രങ്ങൾ, മാഗസിനുകൾ, പുസ്തകങ്ങൾ, സ്കൂൾലൈബ്രറി | BRC<br>LSC<br>SMC<br>PTA<br>OSF |
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക. | 3.എഴുത്തുത്സവം<br>► എഴുത്തുകൂട്ടം<br>► പതിപ്പുകളുടെ നിർമാണം<br>► വായന കുറിപ്പ് ശേഖരണം<br>► ഇൻലന്റ് മാഗസിൻ<br>► ചുമർ പത്രങ്ങൾ, പോസ്റ്ററുകൾ<br>► ഭാഷാ കളികൾ | 12 months | അസംബ്ലി, ചാർട്ടുകൾ, പത്രങ്ങൾ | PTA<br>BRC<br>DIET |
| വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും മനോഭാവങ്ങളും ഭാഷ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.<br>ഭാഷ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക. | 4. അറബിക് കമ്മ്യൂണിക്കേഷൻ.<br>► ആശയ വിനിമയ വേദി ക്ലാസ്തലം, സ്കൂൾതലം<br>► മൊബൈൽ ലിസണിങ്,സ്പീക്കിങ്<br>► യാത്രകൾ<br>► അറബിക് മേള ( നാടകം ,മോണോ ആക്ട്, പ്രസംഗം, സംഭാഷണം)<br>► ഭാഷ കളികൾ അറബിക് അസംബ്ലി<br>► ഭാഷാ പ്രദർശനം<br>► ഭാഷാ ക്യാമ്പ് | 24 months | ഐ ടി സി, പുസ്തകങ്ങൾ, സിഡികൾ | BRC<br>LSC<br>SMC<br>PTA |
| സർഗ്ഗകഴിവുകൾ ഭാഷ പഠനത്തിലൂടെ വികസിപ്പിക്കുക | 5. ലാംഗ്വേജ് ലാബ്<br>► സ്മാർട്ട് ക്ലാസ്റൂം .<br>► അറബി ഭാഷ സാഹിത്യ ശേഖരങ്ങൾ<br>► ചിത്രീകരണങ്ങൾ<br>► സിനിമ<br>► ആനിമേഷൻ<br>► സോഷ്യൽ മീഡിയ ആക്ടിവിറ്റിസ് | 36 months | | BRC<br>LSG<br>SMC<br>OSF |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
| --- | --- | --- | --- |
| വ്യത്യസ്ത ദിനങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്ലക്കാർഡുകൾ ഉണ്ടാക്കുകയും ക്വിസ് മത്സരം സംഘടിപ്പിക്കുകയും ചെയ്യുക. പ്രതിഭകളെ കണ്ടെത്തുവാനായി മാസത്തിലൊരിക്കൽ അറബിക് ബാലസഭ നടത്തുന്നു. | ജൂൺ മുതൽ മാർച്ചുവരെ | അസംബ്ലി, ചാർട്ടുകൾ |
| ഭാഷാ പഠനത്തിൽ ഐ ടി യുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | ലാംഗ്വേജ് ലാബ്, സ്മാർട്ട് ക്ലാസ്സ് റൂം, ഭാഷയുമായി ബന്ധപ്പെട്ട സാഹിത്യ കവിതാ ശേഖരങ്ങൾ, ചിത്രീകരണങ്ങൾ, ആനിമേഷൻ മുതലായവ യുടെ നിർമ്മാണവും ഉപയോഗവും | ജൂൺ മുതൽ | സ്കൂൾ ഇൻറർനെറ്റ് സൌകര്യം, വെബ്സൈറ്റുകൾ |

Scanned with OKEN Scanner

## ആമുഖം

ഇന്ത്യയിൽ ജനിച്ച് വളർന്നു വന്നതിച്ച ഉർദു ഇന്തോ-ആര്യൻ ഭാഷാ കുടുംബത്തിലെ പ്രധാന ഭാഷകളിൽ ഒന്നാണ്. ഖരിബോലി ഭാഷയിൽനിന്ന് ഉരുത്തിരിഞ്ഞ ഉർദു ഭാഷ ഇന്ന് അനുദിനം വികസിച്ചുകൊണ്ടിരിക്കുന്ന സാഹിത്യസമ്പന്നഭാഷകളിലൊന്ന്.

ഒ.സി.എം ജിയുപി സ്കൂൾ ചെറുകുന്നിൽ 2025-2026 വർഷത്തിൽ ഉർദുഭാഷ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക, ഭൗതിക, സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ നൽകുന്നു.

## പൊതു ലക്ഷ്യങ്ങൾ

- ഉർദു ഭാഷ പഠനം ആയാസരഹിതം രസകരവുമായി അനുഭവ പഠനം കുട്ടികൾക്ക് സാധ്യമാക്കുന്നു.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിന് അവസരമൊരുക്കുന്നു.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുന്നു.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഉർദു വായിക്കുവാനും കേട്ട് എഴുതുന്നതിനും, രചനകൾ നടത്തുന്നതിനും ശേഷി ഉറപ്പാക്കുന്നു.
- ജനാധിപത്യ-മതേതരത്വ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുന്ന

Scanned with OKEN Scanner

കുട്ടികളെ വാർത്തെടുക്കുന്നു.

- വിവിധ ഭാഷാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- മികച്ച കയ്യെഴുത്ത് പരിശീലനം സ്വായത്തമാക്കാൻ അവസരം
- കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കിയെടുക്കുക
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ ബോധം വളർത്തിയെടുക്കുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| NO | പ്രവർത്തനം | പ്രവർത്തന ഘടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | ഉർദു വായന | • വായനാ മത്സരങ്ങൾ • ക്വിസ് മത്സരങ്ങൾ വായനാ കാർഡുകൾ എന്നിവ വായനയ്ക്ക് ലഭ്യമാക്കൽ | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | | HM സബ്ജക്ട് കൗൺസിൽ |
| 2 | ഉർദു കയ്യെഴുത്ത് മാസിക | രചനാശേഷി വളർത്താൻ, ഉർദുവിൽ മികച്ച കയ്യെഴുത്ത് എന്നി ലക്ഷ്യപൂർത്തീകരണത്തിനും സർഗാത്മകതകൾ ഉണർത്തുന്നതിനും കയ്യെഴുത്ത് മാസിക, ചുവർപത്രിക വായനകാർഡ് നിർമ്മാണം | ടേം ൽ 1 ദിനം | ഉർദു സബ്ജക്ട് കൗൺസിൽ | | HM സബ്ജക്ട് കൗൺസിൽ |
| 3 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |
| 4 | പൊതുവിജ്ഞാനം | പൊതുവായും ഉർദുവിലുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കാൻ ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ ഒന്ന് | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |

Scanned with OKEN Scanner

| ക്രമ നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 5 | ഉർദു ദിനം | ടാലന്റ് മീറ്റ്, സമ്മാനദാനം, ഭാഷാ സെമിനാറുകൾ, ഫെസ്റ്റ് പതിപ്പ് | നവംബർ പതിനൊന്ന്, ആസാദ് ദിനത്തിൽ | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |
| 6 | വായനാസ്വാദനം | കൂട്ടിവായന, ചർച്ചകൾ, പുസ്തക ചർച്ചകൾ, ക്വിസ് മത്സരം, മെഗാ ക്വിസ് | 3 ആഴ്ച | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |
| 7 | അന്വേഷണം | പ്രാദേശിക പഠനയാത്രകൾ സംഘടിപ്പിക്കൽ | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | | സബ്ജക്ട് കൗൺസിൽ HM |
| 8 | ദിനാചരണം | ഭാഷാശേഷി വളർത്തുന്ന/നിലനിർത്തുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | അതാത് ദിനം | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |
| 9 | ഉർദു സാഹിത്യത്തെ പരിചയപ്പെടൽ | ഉർദു സാഹിത്യ രൂപങ്ങളെയും ഉർദു സാഹിത്യകാരന്മാരെയും പരിചയപ്പെടുത്തുന്ന പൊതുവേദി ഒരുക്കുക, ഉർദുവിലെ പ്രസിദ്ധരായ എഴുത്തുകാരുടെ രചനകൾ പരിചയപ്പെടുത്തുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | | HM സബ്ജക്ട് കൗൺസിൽ |
| 10 | ഉർദു ബോർഡ് | പാഠഭാഗവുമായി ബന്ധപ്പെട്ട് അവർ പഠിച്ച (നിറങ്ങൾ, വസ്തുക്കൾ, പഴം, അക്കങ്ങൾ, പച്ചക്കറികൾ, പക്ഷികൾ, മൃഗങ്ങൾ) തുടങ്ങിയവ ബോർഡിൽ പ്രദർശനം | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | | HM PTA |

PAVITHRAN. M.T
BLOCK PROJECT CO-ORDINATOR
SSK
BRC KUNNUMMAL
PO. VATTOLI, PIN 673507

15-7-25